<u>15 -ാം കേരള നിയമസഭ</u>

<u>1 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 389</u> <u>08-06-2021 - ൽ മറുപടിയ്ക്ക്</u>

<u>പ്രവാസികളുടെ പുനരധിവാസത്തിനായി വ്യവസായ സംരംഭങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri. P. Rajeeve**<br>**(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മൂലം തൊഴിൽരഹിതരായി മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസവും തൊഴിലും ഉദ്ദേശിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കോവിഡ് മൂലം മടങ്ങിവരുന്ന പ്രവാസികൾക്ക് മാത്രമായി വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ലെങ്കിലും ഇവർക്ക് അവരുടെ വൈദഗ്ധ്യത്തിനനുസരിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനോ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭ ങ്ങളിൽ ജോലിചെയ്യുന്നതിനോ അല്ലെങ്കിൽ മറ്റുതരത്തിൽ ഈ വ്യവസായങ്ങളുടെ ഭാഗമാകാനോ താത്പര്യമുള്ളവർക്ക് രജിസ്ട്രേഷൻ നടത്തുന്നതിലേക്കായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്സൈറ്റായ www.industry.kerala.gov.in -ൽ ഒരു ഓൺലൈൻ പ്രവാസി പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ 2805 പ്രവാസികൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്ക് ആവശ്യമായ സഹായം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന പ്രവാസികളെ പ്രത്യേക വിഭാഗ ത്തിലേക്ക് മാറ്റുകയും നിക്ഷേപ സബ്സിഡി ജനറൽ വിഭാഗത്തിനുള്ള 15% -ന് പുറമേ 10% അധിക സബ്സിഡി പരമാവധി 30 ലക്ഷം രൂപ വരെ പ്രവാസികൾ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ചു വരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക്, അവർക്ക് താത്പര്യമുള്ള സ്ഥലങ്ങളിൽ സംരംഭം ആരംഭിക്കാവുന്നതാണ്. നിയോജക മണ്ഡലാടി സ്ഥാനത്തിലുള്ള പരിഗണന നിലവിലില്ല. |
| (ബി) | അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമായതും താരതമ്യേന വ്യവസായ സംരംഭങ്ങൾ കുറവുള്ളതുമായ നിയോജകമണ്ഡലങ്ങളെ ഇതിനായി പരിഗണിക്കുമോ? | (ബി) | കോവിഡ് മൂലം മടങ്ങിവരുന്ന പ്രവാസികൾക്ക് മാത്രമായി വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ലെങ്കിലും ഇവർക്ക് അവരുടെ വൈദഗ്ധ്യത്തിനനുസരിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനോ സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | | | സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളിൽ ജോലിചെയ്യുന്നതിനോ അല്ലെങ്കിൽ മറ്റുതരത്തിൽ ഈ വ്യവസായങ്ങളുടെ ഭാഗമാകാനോ താത്പര്യമുള്ളവർക്ക് രജിസ്ട്രേഷൻ നടത്തുന്നതിലേക്കായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്സൈറ്റായ www.industry.kerala.gov.in -ൽ ഒരു ഓൺലൈൻ പ്രവാസി പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ 2805 പ്രവാസികൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്ക് ആവശ്യമായ സഹായം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന പ്രവാസികളെ പ്രത്യേക വിഭാഗത്തിലേക്ക് മാറ്റുകയും നിക്ഷേപ സബ്സിഡി ജനറൽ വിഭാഗത്തിനുള്ള 15% -ന് പുറമേ 10% അധിക സബ്സിഡി പരമാവധി 30 ലക്ഷം രൂപ വരെ പ്രവാസികൾ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ചു വരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക്, അവർക്ക് താത്പര്യമുള്ള സ്ഥലങ്ങളിൽ സംരംഭം ആരംഭിക്കാവുന്നതാണ്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള പരിഗണന നിലവിലില്ല. |

സെക്ഷൻ ഓഫീസർ